പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2643 — 12/2/2019 ൽ മറുപടിക്ക്

## മുല്ലശ്ശേരി പഞ്ചായത്തിൽ വെറ്ററിനറി പോളി ക്ലിനിക്

ചോദ്യം

**ശ്രീ.മുരളി പെരുനെല്ലി:**

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | കന്നുകാലികളുടെ എണ്ണം വളരെ കൂടുതലുള്ള മുല്ലശ്ശേരി പഞ്ചായത്തിൽ കർഷകർക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി, ഇപ്പോൾ പ്രവർത്തിച്ച് വരുന്ന വെറ്ററിനറി ഡിസ്പൻസറിയെ വെറ്ററിനറി പോളി ക്ലിനിക്കായി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ ; | എ) | സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്നതിനാൽ മുല്ലശ്ശേരി പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിച്ച് വരുന്ന വെറ്ററിനറി ഡിസ്പൻസറിയെ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തുവാൻ തൽക്കാലം നിർവ്വാഹമില്ല. |
| ബി) | പോളി ക്ലിനിക്കിനാവശ്യമായ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | ബി) | നിലവിൽ വെറ്ററിനറി പോളി ക്ലിനിക്കുകൾ ഇല്ലാത്ത താലൂക്കുകൾക്കാണ് മുൻഗണന നൽകുന്നത്. ഇതിനു പുറമെ ടി താലൂക്കിലുള്ള കന്നുകാലികളുടെ എണ്ണം, കൈകാര്യം ചെയ്യുന്ന കേസുകളുടെ എണ്ണം, സ്ഥാപനം ആരംഭിക്കാൻ വേണ്ട അടിസ്ഥാന സൗകര്യലഭ്യത എന്നിവ മാനദണ്ഡമാക്കിയും ആവശ്യമുള്ള തസ്തികകൾ ലഭ്യമാക്കിയുമാണ് പോളിക്ലിനിക്കുകൾ ആരംഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ